WEDNESDAY 21/01/2026 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/01/2026

1. കേരള കാർഷിക സർവകലാശാല എന്റോമോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (ESI)യുടെ സഹകരണത്തോടെ **"എന്റോഫ്രണ്ടിയേഴ്സ് 2026: സുസ്ഥിര കീടനിയന്ത്രണത്തിനും പരിസ്ഥിതി പ്രതിരോധശേഷിക്കും നവീന സമീപനങ്ങൾ"** എന്ന വിഷയത്തെ ആസ്പദമാക്കി **ദേശീയ സമ്മേളനവും എന്റോമോളജി സ്റ്റുഡന്റ്സ് കോൺക്ലേവ് 2026-ഉം** 2026 ജനുവരി 27 **മുതൽ** 29 വരെ തൃശ്ശൂർ വെള്ളാനിക്കരയിലെ കേരള കാർഷിക സർവകലാശാല ആസ്ഥാനത്ത് സംഘടിപ്പിക്കുന്നു. സംയോജിത കീടനിയന്ത്രണം, കാലാവസ്ഥ വ്യതിയാനവും കീടപരിസ്ഥിതിയും, കീട ജൈവവൈവിധ്യം, ജൈവ കീടനാശിനികൾ, ആധുനിക സാങ്കേതികവിദ്യകൾ, കീടാധിഷ്ഠിത സംരംഭങ്ങൾ തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന ഈ സമ്മേളനം ശാസ്ത്രജ്ഞർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവർ തമ്മിൽ നവീന ഗവേഷണ കണ്ടെത്തലുകൾ പങ്കുവെക്കുന്നു.

2. റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നൽകുന്ന ധനസഹായ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പദ്ധതികളെക്കുറിച്ചറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇത സംബന്ധമായ ചോദ്യങ്ങൾക്ക് 2026 ജനുവരി 21 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ കോട്ടയം ജില്ലാവ്യവസായകേന്ദ്രത്തിലെ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ ഷിബു എ.കെ. മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 – 2576622.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"ലാൻഡ്സ്കേപ്പിംഗ്"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2026 ഫെബ്രുവരി 12** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ഫെബ്രുവരി 22 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലിപ്പിക്കുന്നത്. പത്തു സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ജിസ്റ്റർ ചെയ്തവർക്ക് **ഫെബ്രുവരി 12 മുതൽ** യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ **0487-2438566.**

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് 35 ദിവസം പ്രായമായ BV 380 കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് ₹175/- രൂപ. ബുക്കിങ്ങിനായി വിളിക്കേണ്ട ഫോൺ നമ്പര് : 0487 2370773, 8547070773. വിളിക്കേണ്ട സമയം : രാവിലെ 10 മണി മുതൽ 4 മണി വരെ.

5. കേരള കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് 10 ദിവസം ദൈർഘ്യമുള്ള ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപണികൾ, സർവ്വീസിംഗ് എന്നീ വിഷയത്തിലുള്ള ട്രെയിനിങ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സ് ഉടനെ ആരംഭിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാനായി താല്പര്യമുള്ളവർ ജനുവരി 23 –)0 തിയ്യതിക്കകം ഈ ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യുക. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9446370726.

6. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി 28, 29 തീയതികളിൽ എലൈറ്റ് ഫാർമേഴ്സിന് ( 10 പശുവിൽ കൂടുതൽ ഉള്ളവർ ) "ക്ഷീര സംരംഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ" എന്ന വിഷയത്തിൽ ദ്വിദിനപരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/– രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/– രൂപ ദിനബത്തയും, ആകെ 100/– രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 ജനുവരി 27 – ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911 മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പാലസ്.പി.ഒ., തിരുവനന്തപുരം – 695004. Email ID:principaldtctvm@gmail.com

7. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി മാസം കർഷകർക്കായി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. ജനുവരി 21 ന് ആദായകരമായ പോത്ത് വളർത്തൽ, 23 ന് തെരുവുനായ നിയന്ത്രണവും സാമൂഹിക പ്രശ്നങ്ങളും എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ 04829-234323 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം